പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 352 11-06-2013 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി യിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ സംരക്ഷണം

| ചോദ്യം<br>ശ്രീമതി.പി.അയിഷാ പോറ്റി | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കെ.എസ്.ഇ.ബി യിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ അവസാനമായി പരിഷ്കരിച്ചത് ഏത് കാലയളവിലാണ്;<br>(ബി) പെൻഷൻ പരിഷ്കരണ ആനുകൂല്യങ്ങൾ വിരമിച്ച ജീവനക്കാർക്ക് നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | (എ) & (ബി) 16.07.2012 ലെ സർക്കാർ ഉത്തരവ് G.O(Ms).15/12/PD പ്രകാരം കെ.എസ്.ഇ.ബി യിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ 1.7.2008 മുതൽ പ്രാബല്യം നൽകി പരിഷ്കരിച്ച നല്കിയിട്ടുണ്ട്. |
| (സി) കെ.എസ്.ഇ.ബി യിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ സംരക്ഷണം ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു? | (സി) ആസ്തി-ബാധ്യതകൾ കൈമാറ്റം ചെയ്യുന്നതിനുള്ള കൈമാറ്റ പദ്ധതിയിൽ ജീവനക്കാരുടെ പെൻഷൻ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പെൻഷൻ ബാധ്യതാ തുക കണക്കാക്കി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തി പുതിയ കമ്പനിയ്ക്ക് കൈമാറ്റം ചെയ്യുന്നതാണ്. ഈ ബാധ്യത ഏറ്റെടുത്ത് പെൻഷൻ വിതരണം നടത്തുന്നതിനായി ഒരു മാസ്റ്റർ ട്രസ്റ്റ് രൂപീകരിക്കുന്നതിനും ഇതിലേയ്ക്ക് ആവശ്യമായ ബോണ്ട് കമ്പനി ഇഷ്യൂ ചെയ്യുന്നതിനും, ഈ ബോണ്ടുകൾ മുഴുവനായും പുതുതായി രൂപീകരിയ്ക്കുന്ന മാസ്റ്റർ ട്രസ്റ്റ് സബ്സ്ക്രൈബ് ചെയ്യുന്നതിനും, ഓരോ വർഷവും ബോണ്ടിൻറെ പലിശയും, മുതലിലുള്ള |

തിരിച്ചടവും,കൂടാതെ ഓരോ വർഷത്തേയും
പെൻഷൻ ബാധ്യത കോൺട്രിബ്യൂഷനായും,
ട്രസ്റ്റ് ഫണ്ടിൽ ചേർക്കുന്നതിനുള്ള
നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത്.
കൂടാതെ, പെൻഷൻ ഫണ്ടിന് ആവശ്യമായ
തുക സർക്കാരും, കമ്പനിയും ചേർന്ന്
കോൺട്രിബ്യൂട്ട് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.
പെൻഷൻ വിതരണത്തിനുള്ള സുരക്ഷ,
2003—ലെ വൈദ്യുതി നിയമത്തിലെ
വ്യവസ്ഥകൾക്ക് വിധേയമായി ഉറപ്പ്
വരുത്തുന്നതും, ആയതിന് നിയമപരമായ
സാധുത കൈവരുത്തുന്നതിനുള്ള വ്യവസ്ഥകൾ
കൈമാറ്റ പദ്ധതിയിൽ ഉൾപ്പെടുത്തി
ഒരു സർക്കാർ ഉത്തരവായി വിജ്ഞാപനം
ചെയ്യുന്നതാണ്.

സെക്ഷൻ ഓഫീസർ